# Kalary.com

[companionship of Kalari Kurup/Panicker Community residing across the world]



Plot no. 235/2, Sector No. 4-A,
Gandhinagar - Gujarat 382006
Phone no. 09601484166
E-mail_ kalarickalk@gmail.com
http://www.kalary.com



# കളരി ന്യൂസ്

വാർത്താ മാസിക

**Newsletter** ജൂൺ 2013


മുഖപ്രസംഗം

കേരളക്കരയിൽ സമുദായ സംഘടനകളും കൂട്ടായ്മകളും കേരള രാഷ്ട്രീയത്തിൻെറ ചുക്കാൻ പിടിക്കുന്ന കാലമാണിത്. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പേരിൽ ജാതി/മത/സമുദായങ്ങൾ സംഘടിച്ച് വോട്ടു ബാങ്കിൻെറ നിഴലിൽ കേരള രാഷ്ട്രീയത്തേയും സർക്കാരിനേയും അവരുടെ ഹിതത്തിനൊത്ത് പ്രവർത്തിപ്പിക്കുകയാണ്. അതോടൊപ്പം ഭൂരിപക്ഷ സമുദായങ്ങൾ അവരുടെ അംഗ ബലത്തിൽ രാഷ്ട്രീയ നീക്കങ്ങൾ നീക്കുമ്പോൾ, അല്പ സംഖ്യരും അസംഘടിതരുമായ ജനവിഭാഗങ്ങൾക്ക് അവരുടെ ജന്മസിദ്ധമായ അവകാശങ്ങളും സർക്കാർ ആനുകൂല്യങ്ങളും നഷ്ടപ്പെടുകയാണ്. ന്യൂനപക്ഷ ജനങ്ങളുടേയും ഭൂരിപക്ഷ ജനവിഭാഗങ്ങളുടേയും സംഘടനകളുടെ അട്ടഹാസത്തിൽ അല്പ സംഖ്യരായ ജനവിഭാഗങ്ങളുടെ രോദനം ആരും കേഴ്ക്കാതെ പോകുന്നു.

അല്പ സംഖ്യരും ജാതീയമായി ബലഹീനരും അസംഘടിതരും പേരിന് സംഘടനകളുമുള്ള ഒന്നിലധികം ജന വിഭാഗങ്ങൾ കേരളത്തിലുണ്ട്. സംഘടനകളുടെ എണ്ണത്തിൽ ഈ ജനവിഭാഗങ്ങൾ പ്രമുഖരും പ്രബലരുമായ സമുദായങ്ങളേക്കാൾ വളരെ മുന്നിലാണെന്ന് സംഘടനകളുടെ എണ്ണം പരിശോധിക്കുമ്പോൾ മനസ്സിലാകും. അംഗസംഖ്യയുടെ കാര്യത്തിൽ ഏറ്റവും പിന്നിലും സംഘടനകളുടെ എണ്ണത്തിൻെറ കാര്യത്തിൽ ഏറ്റവും മുന്നിലും നിൽക്കുന്ന ഒരു അല്പ സംഖ്യരായ സമുദായമാണ് കളരിക്കുറുപ്പ് കളരിപ്പണിക്കരെന്ന് പറയുന്നതിൽ അതിശയോക്തിയുണ്ടാവില്ല.

കേരളത്തിൽ ഏതൊരു സമുദായ സംഘടനയെടുത്താലും സമുദായ സംഘടന പ്രതിനിധാനം ചെയ്യുന്ന സമുദായം കേരളം മുഴുവൻ വ്യാപിച്ചിരിക്കുന്നതായി കാണാം. എന്നാൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന നാല്പത്തീരടി കളരി ധർമ്മ പരിപാലകരുടെ സമുദായ വ്യാപ്തി പഴയ കൊച്ചി രാജ്യത്തിൻെറ ഉത്തര ഭാഗത്തും (പെരിയാറിനു വടക്കു ഭാഗത്തും) ദക്ഷിണ മലബാറിലും (കോരപ്പുഴക്കു തെക്കും) മാത്രമാണ്. അതായത് 14 ജില്ലകളുള്ള കേരളത്തിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ പൂർണ്ണമായും എറണാകുളം, കോഴിക്കോട് എന്നി ജില്ലകളിൽ ഭാഗീകമായും മാത്രം വ്യാപിച്ചിരിക്കുന്ന ജനവിഭാഗമാണ് ഈ കളരി ആചാര്യന്മാരുടെ സമുദായം. നാമമാത്രയിൽ ഈ ജനവിഭാഗത്തിലെ പല കുടുംബങ്ങളും തൊഴിൽ തേടിയും ജീവിതോപാധിക്കായും മറ്റു ജില്ലകളിലേക്ക് കുടിയേറിയിട്ടുണ്ട്. എന്നാൽ അത്തരത്തിൽ കുടിയേറിയ കുടുംബങ്ങൾ ഇന്നും അസംഘടിതരായിട്ടാണ് കഴിയുന്നത്.

സമുദായ സംഘടനകൾ സമുദായത്തിൻെറ സംഘടിതാവസ്ഥക്കും ഉന്നമനത്തിനും കൂട്ടായ്മക്കും ക്ഷേമത്തിനും പുരോഗമനത്തിനുമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ എന്തിനാണ് അല്പ സംഖ്യരായ ഒരു സമുദായത്തിന് ഒന്നിൽ കൂടുതൽ മുഖ്യ സംഘടനകൾ? കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിൻെറ ക്ഷേമത്തിനും ഉന്നമനത്തിനുമായി മൂന്ന് സ്വതന്ത്ര സംഘടനകളും പല ഉപ സംഘടനകളും പോഷക ഘടകങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സംഘടനകളെല്ലാം സമുദായത്തിൻെറ സംഘടിതാവസ്ഥക്കും ക്ഷേമത്തിനും ഉന്നമനത്തിനും സമുദായ അംഗങ്ങളുടെ അവകാശ സംരക്ഷണത്തിനുമായിട്ടാണ് ലക്ഷ്യമിടുന്നതെങ്കിൽ ഏവർക്കും ഒന്നിച്ചു നിന്നുകൊണ്ട് ഏക സ്വരത്തിൽ നമ്മുടെ ഐക്യം സമൂഹമധ്യത്തിൽ ഉച്ചത്തിൽ അലയടിപ്പിക്കുകയല്ലെ വേണ്ടത്?

കേരളത്തിലെ അല്പ സംഖ്യരായ പല ജനവിഭാഗങ്ങളും സാംസ്കാരികമായും ജാതീയമായും വൈരുദ്ധ്യതകളും വൈവിദ്ധ്യതകളും ഉണ്ടായിരുന്നിട്ടും സംഘടനാ ബലം പ്രഖ്യാപിക്കുവാനായി മറ്റു ജനവിഭാഗങ്ങളുടെ പേരുവിവരങ്ങൾ സ്വന്തം സമുദായത്തോട് ചേർത്തു പറയുന്നതു കാണാം. ഉദാഹരണത്തിന് മധ്യകാലം മുതൽ അഥവാ ജാതി വ്യവസ്ഥ കേരളക്കരയിൽ രൂപംകൊണ്ടതോടെ മറ്റു സമുദായങ്ങളോടൊപ്പം രൂപപ്പെട്ട ഒരു ജനവിഭാഗമാണ് വിൽക്കുറുപ്പ്. പല പേരുകളിലും ഈ വിഭാഗം പ്രാദേശീകമായി അറിയപ്പെടുന്നുണ്ട്. എന്നാൽ പൊതുവെ ഇവരുടെ പേരിനോടൊപ്പം സ്ഥലകാല ഭേദമന്യേ കുറുപ്പ് എന്ന പദവി കൂട്ടിച്ചേർക്കുകയും കുടുംബ പേര് കളരിക്കൽ എന്ന് അറിയപ്പെടുകയും ചെയ്തു വരുന്നു. ഈ വിഭാഗത്തിനും കളരികളുണ്ടായിരുന്നു. ജാതി ശ്രേണിയിൽ നായർക്കു താഴെയുണ്ടായിരുന്ന ജനവിഭാഗങ്ങൾക്ക് ആയുധ പരിശീലനം ഇക്കൂട്ടർ നൽകിയിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കേരളത്തിലെ പല ക്ഷേത്രങ്ങളിലും തിരുവായുധ സമർപ്പണം എന്ന ചടങ്ങൾ ഇന്നും ഈ സമുദായം നടത്തി വരുന്നു. കഴിഞ്ഞ ദിവസം ഈ സമുദായത്തിൻെറ അഖില കേരള അംഗീകൃത സംഘടനയുടെ തൃശ്ശൂർ ജില്ലാ ഘടകം സർക്കാരിനോട് വിൽക്കുറുപ്പ്, വില്ലാശ്ശാൻ, തോൽക്കുറുപ്പ് എന്നി വിഭാഗങ്ങളോടൊപ്പം കളരിക്കുറുപ്പിനെ കൂട്ടിച്ചേർക്കണമെന്ന് ആവശ്യപ്പെട്ടതായി 19-05-2013-ൽ ഒരു മലയാള ദിനപത്രത്തിൽ വാർത്ത കാണുവാൻ ഇടയായി.

ജ്യോതിഷം കൈകാര്യം ചെയ്തു വരുന്നതിനാൽ കേരളത്തിലെ പ്രാചീന ജ്യോതിഷ വിഭാഗമായ കണിയാൻ വിഭാഗം കളരിക്കുറുപ്പിനെ കണിയാൻ അഥവാ ഗണക വിഭാഗത്തിൻെറ അവാന്തര അഥവാ സഹോദര വിഭാഗമാണെന്ന് അവകാശപ്പെടുന്നു. കളരിക്കൽ എന്ന വീട്ടുപേരും കുറുപ്പ് എന്ന സ്ഥാനപ്പേരും നിലനിൽക്കുന്നതുകൊണ്ടും കളരികളുടെ നാമധേയത്തിൽ അറിയപ്പെടുന്നതുകൊണ്ടും കേരളത്തിലെ വിൽക്കുറുപ്പ് വിഭാഗം കളരിക്കുറുപ്പ് വിഭാഗത്തെ വിൽക്കുറുപ്പിൻെ ഫ കൂട്ടത്തിൽ ചേർക്കുവാനും അംഗ സംഖ്യ വർദ്ധിപ്പിക്കുവാനും ശ്രമിക്കുന്നു.

കളരിക്കുറുപ്പിനേയും കളരിപ്പണിക്കരേയും കേരളത്തിലെ വിവിധ അല്പ സംഖ്യരായ ജനവിഭാഗങ്ങൾ അവരുടെ അവാന്തര വിഭാഗങ്ങളായും സഹോദര വിഭാഗങ്ങളായും അവകാശപ്പെടുമ്പോൾ, കേരളത്തിലെ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗക്കാരിലെ പ്രമുഖരും സാംസ്കാരിക പ്രവർത്തകരും അതിലുപരി സംഘടനാ പ്രവർത്തകരും സംഘടനാ പ്രമുഖരും മൗനം ദീക്ഷിക്കുന്നതെന്തുകൊണ്ട്? കേരളത്തിലെ പ്രമുഖ സമുദായ സംഘടനകളും സമുദായ പ്രമുഖരും കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന കളരി ധർമ്മ പരിപാലകരെ അറിയുകയില്ലായെന്ന് പൊതു വേദികളിൽ വ്യക്തമാക്കുമ്പോൾ എന്തുകൊണ്ടാണ് നേതാക്കന്മാർ പ്രതികരിക്കാതിരിക്കുന്നത്?

സ്വസമുദായത്തെക്കുറിച്ചുള്ള അജ്ഞതയും സമുദായത്തിൻെറ സാംസ്കാരിക ചരിത്രത്തെക്കുറിച്ചുള്ള അവബോധക്കുറവുമാണ് ഇതിനു കാരണമെന്നാണ് തോന്നുന്നത്.

- എഡിറ്റോറിയൽ

**അതാതു സമുദായങ്ങളുടെ സംസ്കാരം, ജന ജീവിതം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംഘടനാ നേതാക്കൾ അറിഞ്ഞിരിക്കണം.**

ജാതി സമുദായങ്ങളുടെ വ്യത്യസ്തമായ സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ നരവംശ ചരിത്രത്തെ ആസ്പതമാക്കി അതാതു സമുദായ സംഘടനാ നേതാക്കൾ അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. കേരളക്കരയിലെ അല്പ സംഖ്യരായ പല സമുദായങ്ങളുടേയും സാംസ്കാരിക ചരിത്രം ഉപരിതലത്തിലെങ്കിലും അറിയാത്തതിനാൽ അംഗീകൃത സംഘടനാ പ്രവർത്തകർ പലപ്പോഴും അടിസ്ഥാന രഹിതമായ പ്രസ്താവനകളും അവകാശ പത്രികകളും സർക്കാർ തലത്തിൽ സമർപ്പിക്കാറുണ്ട്. വ്യക്തതയില്ലാത്ത അത്തരം നിവേദനങ്ങളും പ്രസ്താവനകളും പലപ്പോഴും സർക്കാർ മുഖവിലക്കു പോലും പരിഗണിക്കാറില്ല.

Kalary.com

# പഴയ കൊച്ചി രാജ്യത്തെ സ്ക്കൂൾ വിദ്യാഭ്യാസം

മധ്യകാലത്തിനു ശേഷം അഥവാ രണ്ടാം ചേര സാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം കേരളം മൂന്നു പ്രമുഖ പ്രാദേശിക ഭരണ കേന്ദ്രങ്ങളുടെ കീഴിലായി. തിരുവിതാംകൂർ , കൊച്ചി, കോഴിക്കോട് എന്നിവയായിരുന്നു അവ. ഇതിൽ കൊച്ചി രാജ വംശവും തിരുവിതാംകൂർ രാജ വംശവും പഴയ ചേര രാജാക്കന്മാരുടെ പിൻഗാമികളാണെന്നാണ് വിശ്വസം.

ഉത്തര കേരളം കോഴിക്കോട് ആസ്ഥാനമായി ഭരിക്കുന്ന സാമൂതിരിയുടെ കീഴിലായിരുന്നു. കോഴിക്കോട് സാമൂതിരിയായി സ്ഥാനമേൽക്കുന്ന പുതിയ രാജാവ് (സാമൂതിരി) കൊച്ചി രാജാവിനെ തോൽപ്പിച്ച് രാജ്യം തിരികെ നൽകുകയെന്ന ഒരു രീതി ആചാരമായി പിൽക്കാലങ്ങളിൽ നിലനിന്നു. പൊതുവെ കൊച്ചി രാജ്യം തങ്ങളുടെ സ്ഥാനം ഉറപ്പിക്കുവാനുള്ള കഠിന ശ്രമത്തിലായിരുന്നു എല്ലായിപ്പോഴും. പാശ്ചാത്യർ കേരളത്തിലേക്ക് കടന്നു വരുമ്പോഴും ഇതായിരുന്നു ഇവിടത്തെ രാഷ്ട്രീയ-ഭരണ അവസ്ഥ. ശക്തൻ തമ്പുരാന്റെ കാലത്താണ് കൊച്ചി രാജ്യം പുരോഗമനത്തിലേക്ക് നീങ്ങിയത്. അതുവരെ വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമൂഹികമായും പുരോഗമനം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് തുലോം ഇവിടെ കുറവായിരുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ജാതീയമായ ഒന്നായിരുന്നു. ജൈനിസം, ബുദ്ധിസം, ഹിന്ദുയിസം എന്നിവ അതിന്റെ അടിത്തറകളാണ്. ആദ്യകാലങ്ങളിൽ ജാതിയ വിജ്ഞാന പ്രസാരണമായിരുന്നു വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ജാതീയ തൊഴിലുകളും അത്തരം വിദ്യാഭ്യാസത്തിന് അനുകൂലമായിരുന്നു. ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിലെ പൗരസ്ത്യ ശാസ്ത്രങ്ങൾ, ആയുർവ്വേദം, തർക്കം, ജ്യോതിഷം എന്നി ഉപവേദ ജ്ഞാനങ്ങളും ജാതിയമായി നേടിയിരുന്ന വിദ്യാഭ്യാസമായിരുന്നു. പൊതുവെ താഴ്ന്ന ജാതിക്കാരും സ്ത്രികളും വിദ്യ നേടുന്നതിൽ വഞ്ചിതരായിരുന്നു. പൗരസ്ത്യ ശാസ്ത്ര വിജ്ഞാനം നേടുന്നതുകൊണ്ട് ജാതിയമായ തൊഴിലുകളിൽ പ്രത്യേക ഗുണങ്ങളൊന്നും തന്നെ ലഭിക്കുമായിരുന്നില്ല. കായിക അദ്ധ്വാന പ്രവർത്തികൾ ചെയ്തിരുന്ന ജനവിഭാഗങ്ങൾക്ക് പൗരസ്ത്യ വിദ്യാഭ്യാസം കൊണ്ട് ദൈനം ദിന അഷ്ടിക്കു വക നേടുവാൻ കഴിയുമായിരുന്നില്ലായെന്ന കാരണത്താൽ വിദ്യ നേടുന്നതിനോട് പൊതുവെ വിമുഖതയാണ് പിന്നോക്ക വിഭാഗങ്ങൾ കാട്ടിയിരുന്നത്. ആധുനീക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഇന്നും കേരളത്തിലെ പല ജനവിഭാഗങ്ങൾക്കിടയിലും ഉന്നത വിദ്യാഭ്യാസം നേടുന്നതിനോട് വിമുഖത കാണിക്കുന്നുണ്ട്. ഉദാഹരണത്തിന് കേരളത്തിൽ ജ്യോതിഷം കൈകാര്യം ചെയ്തുവരുന്ന വിഭാഗങ്ങൾ അടിസ്ഥാന വിദ്യാഭ്യാസം നേടിയതിനു ശേഷം സംസ്കൃതവും വേദാംഗമായ ജ്യോതിഷവും അഭ്യസിച്ച് ജ്യോതിഷത്തിലൂടെ നല്ല വരുമാനം നേടുന്നു. ഇക്കാരണത്താൽ ഇന്ന് മറ്റു ജാതികളും മതങ്ങളും ജ്യോതിഷം ഒരു മുഖ്യ ജീവിതോപാധിയായി കൈകാര്യം ചെയ്തുവരുന്നുണ്ട്. മറ്റൊരു ഉദാഹരണം വിൽക്കുറുപ്പ് എന്ന വിഭാഗത്തിൽ ചെറുപ്പക്കാർക്കിടയിൽ ഉന്നത വിദ്യാഭ്യാസത്തിന് വിമുഖത കാണുന്നു. പരമ്പരാഗത ജാതിയ തൊഴിലുകളിൽ നിന്നും നല്ല വരുമാനം ലഭിക്കുന്നുവെന്നതാണ് അതിനു മുഖ്യ കാരണം.

കൊച്ചി രാജ്യത്ത് ആലുവ പുഴയുടെ ദക്ഷിണ ഭാഗത്തുള്ള ഗ്രാമങ്ങളിൽ എഴുത്തു വായനയും പഠിപ്പിച്ചിരുന്നത് കണിയാൻ വിഭാഗക്കാരുടെ എഴുത്തു പള്ളികളിലായിരുന്നു. ഈ പ്രദേശങ്ങളിൽ സമൂഹികമായി താഴെത്തട്ടിലുണ്ടായിരുന്ന വിഭാഗങ്ങൾക്ക് അക്ഷര ജ്ഞാനം നൽകിയവരിൽ വിൽക്കുറുപ്പ് വിഭാഗക്കാരും ഉണ്ടായിരുന്നുവെന്ന് അവർ അവകാശപ്പെടുന്നുണ്ട്. ആലുവ പുഴക്ക് വടക്ക് മലബാറിന്റെ ദക്ഷിണ അതിർത്തിവരെയുള്ള പ്രദേശങ്ങളിൽ ആശാൻ പള്ളിക്കൂടങ്ങളിലും കളരികളിലും കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗക്കാർ എഴുത്തും വായനയും ആയുധ പരിശീലനവും നൽകിവന്നു. തൃശ്ശൂരിനു വടക്കു ഭാഗത്ത് കളരിപ്പണിക്കരോടൊപ്പം എഴുത്തച്ഛൻ എന്ന കടുപ്പട്ടർ വിഭാഗക്കാരും ഗ്രാമീണർക്ക് അക്ഷര വിദ്യ നൽകുന്നതിൽ വ്യാപൃതരായിരുന്നു.

തിരുവിതാംകൂറിൽ കൃസ്ത്യൻ മിഷനറിമാർ മിഷനറി പ്രവർത്തനങ്ങളോടൊപ്പം പ്രാഥമിക വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകി. വിദ്യ നൽകുന്നതിനായി സ്ക്കൂളുകൾ സ്ഥാപിക്കുകയും വിദ്യാഭ്യാസം സാർവ്വത്രീകമാക്കുവാൻ ശ്രമിക്കുകയും ചെയ്തുപോന്നു. കൊച്ചിയിൽ ആധുനീകരീതിയിലുള്ള സ്ക്കൂളുകൾ പറയത്തക്കവണ്ണം അക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല. ബ്രാഹ്മണ പാഠശാലകളും വേദ പഠന ശാലകളും എഴുത്തു പള്ളികളും കളരികളുമായിരുന്നു അക്ഷര അഭ്യാസത്തിനും ആയുധ പരിശീലനത്തിനുമായി ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നത്. 1825-ൽ കൊച്ചി സർക്കാരിന്റെ ധന സഹായത്തോടെ മട്ടാഞ്ചേരിയിൽ ഒരു മിഷനറി സ്ക്കൂൾ സ്ഥാപിച്ചു. എന്നാൽ തിരുവിതാംകൂറിലെന്നപോലെ ഇവിടെ വിദ്യാഭ്യാസത്തിന് സാധ്യതകൾ കുറവായിരുന്നു. കൊച്ചി രാജാവ് 1818-ൽ കൊച്ചി രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലും തദ്ദേശ ഭാഷയിൽ പ്രാദേശീകരീതിയിൽ (വർണ്ണാകുലർ) സ്ക്കൂളുകൾ സ്ഥാപിക്കുവാനും വിദ്യാഭ്യാസം വ്യാപകമാക്കുവാനും വിളംബരം ചെയ്തു. രാജ വിളംബരത്തെ തുടർന്ന് ഗ്രാമങ്ങളിൽ സ്ഥാനപിച്ച സ്ക്കൂളുകൾ കാര്യപ്രാപ്തമായ രീതിയിൽ പ്രവർത്തിച്ചില്ല. 1832-ടെ കൊച്ചി രാജ്യത്തെ ഭൂരിഭാഗം സ്ക്കുളുകളും അടച്ചുപൂട്ടേണ്ടതായി വന്നു.

കൊച്ചി രാജ്യത്തെ സ്ക്കൂളുകൾ നല്ല രീതിയിൽ നടക്കാതിരിക്കുവാൻ എന്തായിരുന്നിരിക്കാം കാരണം? മലബാറിനെ അപേക്ഷിച്ച് കൊച്ചി രാജ്യത്ത് ജാതിയാചാരങ്ങളും തീണ്ടലും തൊട്ടുകൂടായമയും 20-ാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലും ശക്തമായിത്തന്നെ നിലനിന്നിരുന്നു. ജാതിയമായ കാരണങ്ങളാൽ രാജ ഭരണത്തിന്റെ കീഴിലെ സ്ക്കൂളുകളിൽ പിന്നോക്ക വിഭാഗവും അധഃകൃതരും സാമൂഹികമായി ഏറ്റവും താഴെത്തട്ടിൽ വസിക്കുവാൻ വിധിക്കപ്പെട്ടവരുമായ ജനങ്ങളുടെ കുട്ടികളെ പ്രവേശിപ്പിക്കുവാനും അവർക്കു പഠിക്കുവാനും ഉദകുന്ന ഒരു സാഹചര്യമായിരുന്നില്ല നിലവിലുണ്ടായിരുന്നത്. തിരുവിതാംകൂറിനെ അപേക്ഷിച്ച് കൊച്ചി പ്രദേശങ്ങളിൽ മത പരിവർത്തനത്തിന് ആഴവും വേഗതയും കുറവായിരുന്നു.

കൊച്ചിയിലെ സർക്കാർ സ്ക്കൂളുകളിൽ സൗജന്യ വിദ്യാഭ്യാസമൊ പിന്നാക്ക വിഭാഗങ്ങൾക്കും അധഃകൃത വിഭാഗങ്ങൾക്കും ആനുകൂല്യങ്ങളൊ സംവരണാനുകൂല്യങ്ങളൊ അന്നു കാലങ്ങളിൽ നൽകിയിരുന്നില്ല. ഈ വിഭാഗങ്ങളുടെ സാമ്പത്തിക നിലയും മെച്ചമായിരുന്നില്ല. പ്രാദേശിക ഭരണാധികാരികൾക്ക് വിദ്യാഭ്യാസത്തോട് അനുകൂലമായ മനോഭാവവും ഉണ്ടായിരുന്നില്ല. മറ്റൊരു പ്രധാന കാര്യം, കൊച്ചിയെ അപേക്ഷിച്ച് തിരുവിതാംകൂറിലും തെക്കൻ തിരുവിതാംകൂറിലും കൃസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനം കാര്യപ്രാപ്തമായിരുന്നു. ഇക്കാരണത്താൽ തിരുവിതാംകൂറിനെ അപേക്ഷിച്ച് കൊച്ചിയിൽ മിഷനറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആദ്യകാലങ്ങളിൽ കുറവായിരുന്നു. മലബാറിന്റെ കാര്യവും ഇതിൽ നിന്നും വിഭിന്നമായിരുന്നില്ല. കൊച്ചി, തിരുവിതാംകൂറിനെ അപേക്ഷിച്ച് 20-ാം നൂറ്റാണ്ടിന്റെ അദ്യ ദശകങ്ങൾ വരെ മലബാറിൽ കൃസ്ത്യാനികൾ കുറവായിരുന്നു. മലബാറിലെ മുസ്ലീം ജനവിഭാഗം ജാതിയ വിജ്ഞാനത്തിനായിരുന്നു പ്രധാന്യം നൽകിയിരുന്നത്. മലബാറിലെ മുസ്ളിം പ്രദേശങ്ങളിൽ അറബിയും മതപരമായ കാര്യങ്ങളും പഠിക്കുവാൻ മദരസകളും മതപഠന കേന്ദ്രങ്ങളും ഉണ്ടായിരുന്നു. ബ്രാഹ്മണർക്ക് വേദ പാഠശാലകളും ജാതിയ വിദ്യാഭ്യാസത്തിനായി പ്രവർത്തിച്ചിരുന്നു.ഹിന്ദുക്കളിൽ നിന്നും അകറ്റി നിർത്തിയിരുന്ന വിഭാഗങ്ങൾക്ക് വേദ പഠനം ജാതീയമായി ആവശ്യമായിരുന്നില്ല. എന്നാൽ ജ്യോതിഷം, ആയുർവ്വേദം, വാസ്തു എന്ന ശാസ്ത്ര ശാഖകൾക്കായി പിന്നോക്ക വിഭാഗങ്ങൾ വേദാംഗങ്ങൾ അഭ്യസിച്ചിരുന്നു.

ബ്രിട്ടീഷ് ആധിപത്യത്തോടെ (19-ാം നൂറ്റാണ്ടോടെ) മലബാറിൽ പിന്നോക്ക വിഭാഗങ്ങൾക്കും അധഃകൃത വിഭാഗങ്ങൾക്കും സർക്കാർ സ്ക്കൂളുകളിൽ പ്രവേശനാനുമതിയും വിദ്യാഭ്യാസ ആനുകൂല്യങ്ങളും മദ്രാസ് പ്രസിഡൻസിയുടെ കീഴിൽ നൽകിയിവന്നു. ആയതിനാൽ മത പരിവർത്തനമില്ലാതെയാണ് മലബാറിൽ വിദ്യാഭ്യാസം സാധാരണ ജനങ്ങൾ നേടിയത്. തിരുവിതാംകൂറിൽ കൃസ്തുമത പരിവർത്തനവും വിദ്യാഭ്യാസവും പരസ്പരം ബന്ധപ്പെട്ടു കിടന്നിരുന്നു.

1956-നൂ ശേഷമാണ് തിരു-കൊച്ചി പ്രദേശങ്ങളിൽ അധഃകൃതർക്കും പിന്നോക്ക വിഭാഗങ്ങൾക്കും വിദ്യാഭ്യാസ രംഗത്ത് ആനുകൂല്യങ്ങൾ ലഭിച്ചു തുടങ്ങിയത്.

Kalary.com

## ഒബിസിക്കാരെ ഒഇസി പട്ടികയിൽ ഉൾപ്പെടുത്താനാകില്ല: പി.പി. ഗോപി കമ്മീഷൻ

ഒബിസി പട്ടികയിൽ ഉൾപ്പെട്ട ജാതികളെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ചില പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹരല്ലായെന്ന് പി.പി. ഗോപി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകി.

നിലനിൽക്കുന്ന നിയമങ്ങൾ ഒബിസി വിഭാഗത്തിൽ ഉൾപ്പെട്ട സമുദായങ്ങളെ ഒഇസി പട്ടികയിൽ ഉൾപ്പെടുത്തുവാൻ സഹായകമല്ലായെന്നും നിയമങ്ങൾ അനുവദിക്കുകയില്ലയെന്നും കമ്മീഷൻെറ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കൂട്ടരെ ക്രീമീലയർ പരിധിയിൽ നിന്നും ഒഴിവാക്കുവാനും കഴിയുകയില്ല. ഒബിസി പട്ടികയിൽ ഉൾപ്പെട്ട ജനവിഭാഗങ്ങളെ പിന്നോക്കമെന്നും മറ്റു പിന്നോക്കമെന്നും തരം തിരിച്ച് പ്രത്യേകം പ്രത്യേകം സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നതിൽ നിയമ തടസ്സങ്ങളുണ്ടാവുകയില്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ഒബിസിയിൽ ഉൾപ്പെട്ട ജാതികളെ ഒഇസിയിലേക്ക് പരിഗണിക്കുവാൻ കേന്ദ്ര സർക്കാരിൻെറ മാനദണ്ഡങ്ങളും സുപ്രീം കോടതിയുടെ വിവിധ കേസുകളിലെ വിധികളും തടസ്സമാകുന്നുണ്ട്. എന്നാൽ ഒബിസി വിഭാഗത്തിലെ പല ജാതികളുടേയും അവസ്ഥ പരിതാപകരമാണെന്നും ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ ആനുകൂല്യങ്ങളും, പാരമ്പര്യ തൊഴിൽ സംരക്ഷണം എന്നിവ നൽകുവാൻ പ്രത്യേക പാക്കേജുകൾ പരിഗണിക്കാവുന്നതാണ്.

ഒബിസിക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ സംവരണം നൽകണമെന്നും പ്രാഥമിക സഹകരണ സംഘങ്ങൾ, എയ്ഡഡ് വിദ്യാലയങ്ങൾ എന്നിവയിൽ ഉദ്യോഗ സംവരക്ഷണം വേണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

ഒബിസി പട്ടികയിൽ ഉൾപ്പെട്ട 16 സമുദായങ്ങളുടെ 18 അംഗീകൃത സംഘടനകളാണ് അതാതു ഒബിസി സമുദായങ്ങളെ ഒഇസി പട്ടികയിൽ ഉൾപ്പെടുത്തി സർക്കാർ ആനുകൂല്യങ്ങൾ നൽകുവാൻ അപേക്ഷിച്ചിരുന്നത്. ഇതിൽ കണിയാൻ അഥവാ ഗണകൻ എന്ന ജ്യോതിഷ വിഭാഗവും ഉൾപ്പെട്ടിരുന്നു. കളരിക്കുറുപ്പ് കളരിപ്പണിക്കരെ ഒരു സ്വതന്ത്ര സമുദായമായി പരിഗണിക്കാതെ ഗണകൻ എന്ന ജാതിനാമത്തിനു കീഴിലാണ് പരിഗണിച്ചിരിക്കുന്നത് എന്നാണ് അറിയുവാൻ കഴിഞ്ഞത്.

തിരഞ്ഞെടുപ്പിലെ പിന്തുണയ്ക്കുള്ള സഹായമായി പല മുന്നണികളും വിവിധ ജാതി സമുദായങ്ങളുടെ സംഘടനകൾക്ക് നൽകിയ വാഗ്ദാനം ഒഇസി പട്ടികയിൽ ഉൾപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ വാങ്ങി തരുവാൻ ശ്രമിക്കുമെന്നാണ്.

ഉദാഹരണത്തിന് ഈ അടുത്ത കാലത്ത് ഉത്തര കേരളത്തിലെ പണിക്കർ സർവ്വീസ് സൊസൈറ്റി എന്ന ഒരു പ്രാദേശിക കൂട്ടായ്മയുടെ ഒരു പൊതു വേദിയിൽ കേന്ദ്ര മന്ത്രി ശ്രീ.മുല്ലപ്പള്ളി രാമചന്ദ്രൻ കണിയാന്മാരെ ഒഇസിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ വാങ്ങിത്തരുവാൻ പരമാവധി ശ്രമിക്കാമെന്ന് വാഗ്ദാനം ചെയ്തു.

അല്പ സംഖ്യരും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരും ജാതിയമായി ഒബിസിയിൽപ്പെട്ട സമുദായ നേതാക്കളെ ഇത്തരത്തിൽ വാഗ്ദാനങ്ങളിൽ കുരുക്കി അവരിലൂടെ ഒരോ സമുദായത്തിൻേറയും വോട്ട് നേടുകയെന്നതാണ് രാഷ്ട്രീയ നേതാക്കന്മാരുടെ ലക്ഷ്യം. അതിനായി അവർ ലഭ്യമായ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു.

ചരിത്ര സാംസ്കാരിക വിവരണങ്ങളും നിലനിൽക്കുന്ന നിയമങ്ങളും മാനദണ്ഡങ്ങളും പഠന വിധേയമാക്കി കളരിക്കുറുപ്പ് കളരിപ്പണിക്കർ, ഗണകൻ എന്ന വിഭാഗങ്ങൾ ഒഇസി ആനുകൂല്യങ്ങൾക്ക് അർഹരല്ലായെന്ന് ഒരു വിശദമായ റിപ്പോർട്ട് കളരി ഡോട്ട് കോം സമുദായ സംഘടനകൾക്ക് നൽകിയിരുന്നുവെന്ന വസ്തുത ഇവിടെ വായനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## സമന്വയ യുഎഇ - സൃഷ്ടികൾ ക്ഷണിക്കുന്നു

സമുദായ അംഗങ്ങളുടെ സർഗാത്മകതയെ തുറന്നു കാണിക്കാനാകുന്ന ഒരു മാധ്യമമായി പരിഗണിച്ച്, സമന്വയ യുഎഇ രണ്ടാമത്തെ സ്മരണിക പ്രസിദ്ധീകരിക്കുവാൻ സംഘടന തയ്യാറെടുത്തു.

2013 ഏപ്രിൽ 9-നു ചേർന്ന യോഗം സമന്വയ സ്മരണികയുടെ എഡിറ്റർ ഇൻ ചീഫായി ശ്രീ കെ.എം. പുരുഷോത്തമനേയും സ്മരണിക കമ്മറ്റി ഭാരവാഹികളായി സർവ്വശ്രീ കെ.ആർ. ജീവനാഥൻ, ദേവദാസ്, ഇ.കെ.എസ്. വേണുഗോപാൽ, മധു കണ്ണഞ്ചിറ, കെ.എസ്. ഷൈലജൻ, വികാസ് കാർത്തികേയൻ എന്നിവരേയും തിരഞ്ഞെടുത്തു.

പരസ്യങ്ങളിലൂടെ ധനസമാഹരണം നടത്തി ഈ സംരംഭം വൻ വിജയമാക്കിതീർക്കുവാനായി എല്ലാവരും പരിശ്രമിക്കണമെന്ന് വിനീതമായി സ്മരണിക കമ്മറ്റി സമുദായ അംഗങ്ങളോട് അഭ്യർത്ഥിച്ചു.

സ്മരണികയിലേക്കുള്ള രചനകൾ/സൃഷ്ടികൾ കമ്മറ്റിയുടെ പരിശോധനകൾക്കു വിധേയമാക്കി, പ്രസിദ്ധീകരണയോഗ്യമായത് മാത്രമായിരിക്കും തിരഞ്ഞെടുക്കുക.

രചനകൾ അയക്കേണ്ട വിലാസം:
purushindra@gmail.com
devdaskalarikkal@gmail.com

സ്മരണികയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി സമരണിക സമിതി അംഗങ്ങളുമായി ബന്ധപ്പെടുക. - സമന്വയ യുഎഇ

## അങ്കമാലി-മാഞ്ഞാലി തോട്

പഴയകാലത്ത് ഇന്നത്തെപ്പോലെ റോഡു മാർഗ്ഗമുള്ള പലചരക്ക് ഗതാഗതം സുലഭമായിരുന്നില്ല. നൂറ്റാണ്ടുകൾക്കു മുമ്പ് പറവൂർ രാജാവിൻെറ കല്പന പ്രകാരം അങ്കമാലി ചന്തയിൽ നിന്നും ചരക്കു സാധനങ്ങൾ പറവൂർ ചന്തയിലേക്ക് എത്തിക്കുവാൻ ഉദകുന്ന രീതിയിൽ തയ്യാറാക്കിയ സഞ്ചാര യോഗ്യമായ ഒരു ജല ഗതാഗത സഞ്ചാര മാർഗ്ഗാണ് അങ്കമാലി-മാഞ്ഞാലി തോട്.

രണ്ടു പതിറ്റാണ്ടുകൾക്കപ്പുറം വരെ ഈ തോടിനു ഇരുവശങ്ങളിലും വസിച്ചിരുന്ന ഗ്രാമവാസികൾ കുളിക്കുന്നതിനും വസ്ത്രം അലക്കുന്നതിനും ജല സേചനത്തിനുമായി ആശ്രയിച്ചിരുന്നത് ഈ തോടിനെയായിരുന്നു. ഇന്ന് ഈ തോടിൻെറ അവസ്ഥ ശോചനീയമാണ്. പുല്ലും പായലും നിറഞ്ഞ് ചീഞ്ഞ് ദർഗ്ഗന്ധം വമിക്കുന്ന അവസ്ഥയിലാണ് ഇന്ന് ഈ തോട്. ഈ തോടിൻെറ ദുരവസ്ഥയിൽ നിന്നും എന്നാണ് മോചനം ഉണ്ടാവുക.



Kalary.com

## അഖില കേരള വിൽക്കുറുപ്പ് മഹാ സഭയുടെ , തൃശ്ശൂർ ജില്ലാ ഘടകം സർക്കാരിനോട് കളരിക്കുറുപ്പിനെ വിൽക്കുറുപ്പിൽ ഉൾപ്പെടുത്തണ മെന്ന് ആവശ്യപ്പെട്ടു.

അഖില കേരള വിൽക്കുറുപ്പ് മഹാസഭയുടെ തൃശ്ശൂർ ഘടകം കളരിക്കുറുപ്പിനെ വിൽക്കുറുപ്പായി പരിഗണിക്കണമെന്ന് സംഘടിതമായി കേരള സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ട വിവരം സമകാലിക വാർത്താ പ്രാധാന്യത്തോടെ 19-5-2013ൽ മാതൃഭൂമി മലയാള ദിനപത്രം പ്രസിദ്ധീകരിച്ചു.

കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ പേരുകളിൽ വില്ലാശ്ശാൻ, വിൽക്കുറുപ്പ്, തോൽക്കുറുപ്പ് എന്ന പേരുകളിൽ അറിയപ്പെടുന്ന, കളരിക്കൽ എന്ന വീട്ടുപേരും കുറുപ്പ് എന്ന സ്ഥാനപ്പേരുമുള്ള ഒരു ജനവിഭാഗം വസിക്കുന്നുണ്ട്. ഇവരെ പൊതുവെ വിൽക്കുറുപ്പ് എന്നാണ് അറിയപ്പെടുന്നത്. കേരള സംസ്ഥാന സർക്കാർ 1972നു ശേഷം ഈ വിഭാഗത്തെ നിർമ്മാണ വിഭാഗമായ വിശ്വകർമ്മ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൊച്ചിയിലെ ജാതികളും ഗോത്രങ്ങളും എന്ന ഗ്രന്ഥത്തിൽ അനന്തകൃഷ്ണൻ അയ്യർ ഈ വിഭാഗം പഴയ കാലങ്ങളിൽ ജാതി ശ്രേണിയിൽ നായർക്കു കീഴെയുണ്ടായിരുന്ന ഗ്രാമണിർക്ക് ആയുധ പരിശീലനം നൽകിയിരുന്നവരായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

വില്ലു നിർമ്മാണവും വില്ലടിച്ചു പാട്ടും നടത്തിയിരുന്നതിനാലാണ് ഈ വിഭാഗം ചില പ്രദേശങ്ങളിൽ വില്ലാശ്ശാൻ എന്ന രീതിയിൽ അറയപ്പെട്ടത്. അതോടൊപ്പം ദക്ഷിണ കേരളത്തിൽ വാൾ ഉൾപ്പെടെയുള്ള ആയുധങ്ങൾ സൂക്ഷിക്കുവാനുതകുന്ന തോൽ ഉറകൾ നിർമ്മിച്ചിരുന്നതും ഇക്കൂട്ടരായിരുന്നു. ഇക്കാരണത്താൽ ഇക്കൂട്ടരെ തോൽക്കുറുപ്പ് എന്നും പ്രാദേശികമായി വിളിച്ചു വരുന്നുണ്ട്. ഓലക്കുട കെട്ടുക, പ്രഭുകുടുംബങ്ങളിലും നായർ തറവാടുകളിലും ബ്രാഹ്മണ ഇല്ലങ്ങളിലും അവ നൽകുക, ക്ഷേത്രങ്ങളിൽ കുട സമർപ്പിക്കുക എന്നി ആചാരങ്ങളും അനുഷ്ഠാനങ്ങളും ഈ വിഭാഗം നടത്തി വന്നിരുന്നു.

കുറുപ്പ് സ്ഥാനവും കളരി സ്ഥാപനവും കളരിക്കൽ വീട്ടുപേരും ഈ വിഭാഗത്തിലെ പലരും അവസരോചിതമായി ഉപയോഗപ്പെടുത്തിയതിന്റെ ഫലമാണ് ഈ സമുദായത്തിലെ പല അംഗങ്ങളുടേയും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളിൽ കളരിക്കുറുപ്പ് എന്ന് രേഖപ്പെടുത്തുവാൻ കാരണമായത്. പാലക്കാട് ഭാഗത്ത് കളരിയുമായി ബന്ധപ്പെട്ട ഈ വിഭാഗത്തിന് *കളരിക്കുറുപ്പ് സമുദായ സംഘം* എന്ന പേരിൽ ഒരു സംഘടനതന്നെ പ്രവർത്തിച്ചു വരുന്നുണ്ട്.

പഴയ ബ്രിട്ടീഷ് മലബാറിന്റെ ദക്ഷിണ ദേശങ്ങളിലെ കളരിപ്പണിക്കരുടേതും. ബ്രിട്ടീഷ് സർക്കാർ 1850നു ശേഷം നൽകിവന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുമായി കളരിപ്പണിക്കന്മാർ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ രേഖകളിൽ കണിയാൻ പണിക്കരെന്ന് അന്നു കാലങ്ങളിൽ എഴുതിച്ചേർത്തു. ഇന്നും അതേ രീതിതന്നെയാണ് തുടർന്നുവരുന്നത്. കാരണം മാതാവിന്റേയൊ പിതാവിന്റേയൊ ജാതി നാമത്തെ അടിസ്ഥാനമാക്കിയാണ് പിന്തലമുറക്കാരുടെ ജാതി നിർണ്ണയിക്കുന്നത് എന്നതുതന്നെ. ഈ അവസ്ഥക്ക് മാറ്റം അനിവാര്യമാകുമ്പോൾ, അത് സർക്കാരിനെ കാര്യകാരണ സഹിതം ബോധ്യപ്പെടുത്തിയാൽ മാത്രമേ സംഘടനകൾ ആവശ്യപ്പെടുന്നതുപേലെ വിജ്ഞാപനം സർക്കാർ പുറപ്പെടുവിക്കുകയൊള്ളു.

അല്പ സംഖ്യരായ സമുദായങ്ങളിൽ അതാതു സമുദായങ്ങളുടെ സാംസ്കാരിക ചരിത്ര അവബോധത്തിന്റെ അഭാവമാണ് പല ജനവിഭാഗങ്ങളുടെ അന്ധമായ അവകാശവാദത്തിനു പിൻബലമേകുന്നതെന്ന് ചരിത്ര സാംസ്കാരിക വിവരണങ്ങൾ വിശകലം ചെയ്യുമ്പോൾ മനസ്സിലാക്കുവാൻ കഴിയും.

## ആശംസകൾ



ഇരിഞ്ഞാലക്കുട SGVHSS ലെ വിദ്യാർത്ഥിനിയായ സോണിയ പി.എസ്സിന് പ്ളസ് ടു (12th standard) ക്ളാസ്സിൽ എല്ലാ വിഷയങ്ങൾക്കും "എ പ്ളസ്" ലഭിച്ചു. പടിയൂർ പെരിഞ്ഞനത്ത് കളരിക്കൽ സതീശൻ ഉണ്ണിയുടേയും സന്ധ്യാ സതീശന്റേയും മകളാണ് സോണിയാ.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗമെന്ന നിലയിൽ സമുദായത്തിന് ഈ കുട്ടിയുടെ വിജയത്തിൽ അഭിമാനിക്കാം.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിന്റെ ആഗോള വൈകാരിക കൂട്ടായ്മയായ കളരി ഡോട്ട് കോം സേണിയക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

## കുനിശ്ശേരി കണ്ണനുണ്ണിയുടെ ഷഷ്ടിപൂർത്തി ആഘോഷം

നാടക പ്രവർത്തകനായ കുനിശ്ശേരി കണ്ണനുണ്ണിയുടെ ഷഷ്ടിപൂർത്തി ആഘോഷിച്ചു. മാതൃഭൂമി കോയംമ്പത്തൂർ ബ്രാഞ്ച് മാനേജർ വിജയകുമാർ കുനിശ്ശേരി കണ്ണനുണ്ണിയെ പൊന്നാടയണിയിച്ച് ആദരിച്ചു. ചേരാമംഗലം ചാമുണ്ണി, സുബ്രഹ്മണ്യൻ കുനിശ്ശേരി, കുന്നിൽ വിജയൻ , സുരേഷ് നരിപൊറ്റ, മാണിക്യൻ മഞ്ഞാടി, ശ്രീനി വാസൻ, കുഞ്ഞിക്കണ്ണൻ എന്നിവർ ആഘോഷ ചടങ്ങിൽ പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്തു.

1953ൽ വേലായുധ പണിക്കരുടേയും കാർത്ത്യായനി അമ്മയുടേയും മകനായി ജനിച്ചു. 13-ാം വയസ്സിൽ തിച്ചു എന്ന ഏകാങ്ക നാടകം രചിച്ച് നാടക പ്രവർത്തനം തുടങ്ങി. നാടക സംവിധാനവും അഭിനയവും ഇദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. ഇദ്ദേഹം 10 നാടകങ്ങൾ രചിച്ചിട്ടുണ്ട്. പുതുശ്ശേരി കാവിലമ്മ എന്ന പേരിൽ ഒരു സീരിയൽ നിർമ്മിച്ച് നിരിയൽ ലോകത്തും കാൽവെയ്പ്പു നടത്തി.

നാടക രംഗത്ത് കണ്ണനുണ്ണി നൽകിയ സംഭാവനകൾ പരഗണിച്ച് നെന്മാറ നാടകപ്പുരയുടെ നേതൃത്ത്വത്തിൽ ആദരിച്ചു. സുലോചന ഭാര്യയും അജിഷ്, അനീഷ് എന്നിവർ മക്കളും ആതിര മരുമകളുമാണ്.



കുനിശ്ശേരി കണ്ണനുണ്ണി

കലാ-സാംസ്കാരിക രംഗത്തെ പ്രവർത്തകൻ എന്ന നിലയിൽ കളരി ഡോട്ട് കോം കുനിശ്ശേരി കണ്ണനുണ്ണിയെ ആനുമോദിക്കുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ ജിവിതത്തിൽ ഇനിയും കലാ-സാംസ്കാരിക രംഗത്ത് സംഭാവനകൾ നൽകുവാൻ അദ്ദേഹത്തിന് ജഗതീശ്വരൻ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

## നിര്യാണം

ആളൂർ കളരിക്കൽ പരേതനായ ശ്രീ വാസുദേവ കുറുപ്പിന്റെ ഭാര്യ അംബിക വാസുദേവ കുറുപ്പ് 27-5-2013ൽ അന്തരിച്ചു. പരേതയുടെ ആത്മാവിന് നിത്യ ശാക്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം ആദരാഞ്ജലികൾ അർപ്പിക്കുന്നു. ശ്രീ കെ.വി. അജിൽകുമാറ്, ജന. സെക്രട്ടറി, കെ.കെ.പി.എസ്സ് പരേതയുട മകനാണ്.

---

വടക്കൂട്ട് കളരിക്കൽ മീനാക്ഷി ടീച്ചർ അന്തരിച്ചു. വടക്കൂട്ട് കളരിക്കൽ പരേതനായ വാസവ പണിക്കരുടെ ഭാര്യയാണ് ടീച്ചർ. ആലൂർ കളരിക്കൽ രൺജിത് പണിക്കരുടെ മുത്തശ്ശിയാണ് മീനാക്ഷി ടീച്ചർ. പരേതയുടെ കുടുംബാംഗങ്ങളോടൊപ്പം ദുഃഖത്തിൽ പങ്കുചേരുകയും പരേതയുടെ ആത്മാവിന് നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Kalary.com

## ആശംസകൾ

കടങ്ങോട്ട് കളരിക്കൽ കെ.യു. മോഹൻ ദാസിൻേറയും സുശീലയുടേയും മകൾ സൂര്യ കെ.എം.ന് 2013-ൽ പത്താം ക്ളാസ്സിൽ എല്ലാ വിഷയത്തിനും "എ പ്ളസ്" ലഭിച്ചു.

കുന്ദംകുളം ബദനി സെൻറ്. ജോൺ ഇംഗ്ളീഷ് ഹയർ സെക്കൻററി സ്ക്കൂൾ വിദ്യാർത്ഥിനിയാണ് കു. സൂര്യ.



കളരി ഡോട്ട് കോം സൂര്യക്ക് എല്ലാവിധ ആശംസകളും നേരുന്നു. അതോടൊപ്പം ഇനിയും തുടർ വിദ്യാഭ്യാസ രംഗങ്ങളിൽ ഉച്ച സ്ഥാനങ്ങൾ കരസ്ഥമാക്കുവാൻ സൂര്യക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**വായിക്കൂ! അറിവു നേടു! അറിഞ്ഞവ മറ്റുള്ളവർക്കു പകരു.**
**ഒരു സമൂഹം അറിവിലൂടെ വളരട്ടെ.**



**Pooja Pandit**
D/o. Sanjay Pandit
Mumbai-Maharashtra

### Women :You Owe Respect

At birth, our sight makes you sad,
Thinking about our future, you brood,
You teach us to say mom and dad,
But at the end you be shrewd!
Expensive is what you feel about us,
Taken to be granted in all ways,
Either grab us in a bus,
Or snatch away our respect on rails!
From daughter to friend,
To wife to mother,
We do our roles to the end,
But no one seems to bother!
Taught to respect women in school,
And learnt to behave,
But there are some fools,
Who God alone save!
To take ahead our nation,
All women need respect,
This one and only passion,
Will make our world perfect!

## Wallpaintings



By Anjali D Panicker, Bangalore
Mob.09741588111



By Aishwarya M. Kurup, Gandhinagar (Gujarat)
Mob. 09601484166

കവിതകൾ

## കുടുംബ സൗഖ്യം

ബന്ധങ്ങളിൽ വെച്ചു വേറിട്ടുപോകാത്ത
ബന്ധമൊന്നേയുള്ളു രക്തബന്ധം
ബന്ധിച്ചു ഭൂവിൽ പിറന്നുള്ള മർത്യരിൽ
ബന്ധത്തിലേറ്റവും സ്നേഹബന്ധം

അക്ഷരത്തിൻെറ മഹത്വം ഗുരുക്കളിൽ
അക്ഷീണമാത്മാവിലുള്ള വർക്കേ
ഇക്ഷിതിക്കുള്ളിൽ നാം നേടുന്ന സമ്പത്ത്
അക്ഷരംപോലെ മറ്റൊന്നുമില്ല

താതനാകുന്നതും സങ്കൽപബോധത്തിൽ
മാതാവുതന്നെയും നിത്യ സത്യം
ആർക്കും നിഷിദ്ധമാകുന്നതല്ലെന്നു നാം
ഓർത്തുള്ള ജീവിതം സ്വർഗ്ഗമല്ലോ

പേരും പ്രതാപവും ഉദ്യോഗ നേട്ടവും
ആരിൽനിന്നെന്നിൽ പകർന്നിതെന്നു
ചേതസ്സിലെന്നും കെടാവിളക്കെന്നപോൽ
തേജസ്സു നൽകും പ്രപഞ്ചമാകെ

ആതുരന്മാരായി നീറുന്ന വൃദ്ധരിൽ
ആരിൽ നിന്നേകുന്നൊരാത്മ ശാന്തി
കാതോർത്തിരിക്കുന്ന കാലങ്ങളെത്രനാൾ
കാലകാലന്നമ്മെ കാത്തിടട്ടെ

പൂർവ ജന്മത്തിൻ സുകൃതമെന്നും ചിലർ
പൂർവ്വീകരോർക്കാതെ ചെയ്ത കർമ്മം
പാത്തും പതുങ്ങിയും ഏറ്റുവാങ്ങീടണം
യാത്രാവസാനത്തിനുള്ളിൽ നിന്നും

നിത്യ സത്യങ്ങൾ മറന്നുള്ള വീടുകൾ
ദുഃഖത്തിലാഴുന്നിതെത്രമാത്രം
ആരിലും സംതൃപ്തി നൽകാത്ത ജീവിതം
തീരാത്ത ശാപമായ് ലോകമെങ്ങും

സത്യം ദയാ നീതി സ്നേഹ സംതൃപ്തികൾ
ചിത്തശുദ്ധിക്കുള്ളൊരൗഷധങ്ങൾ
കൃത്യം വിടാതെ സ്മരിച്ചു ചിരിപ്പവർ-
ക്കൊത്തുചേർന്നിടും കുടുംബസൗഖ്യം.



*എ.കെ.എസ്. ആതവനാട്*
*മൊ. 09846327540*

## കേരള ചരിത്രം: കളരിയും കലാരൂപങ്ങളും

പഴയ ചേര സാമ്രാജ്യത്തിൻെറ ഹൃദയ ഭാഗം ഉൾക്കൊള്ളുന്ന കൊച്ചി രാജ്യത്തിൻെറ ഉത്തര ഭാഗത്തും ദക്ഷിണ മലബാറിലും വസിക്കുന്ന കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിൻെറ സാംസ്കാരിക ചരിത്രവും പഴയ കാലം മുതൽ തമിഴകത്ത് ജ്യോതിഷം കുലത്തൊഴിലായി കൈകാര്യം ചെയ്തുവരുന്ന കണിയാൻ വിഭാഗത്തിൻെറ ജന ജീവിത ചരിത്രവും ആധികാരികമായി വിവരിക്കുന്ന ഒരു ഗ്രന്ഥമാണിത്. കേരള സർക്കാരിൻെറ കീഴിൽ പ്രവർത്തിക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ പുസ്തകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പുസ്തക ശാലകളിൽ ലഭ്യമാണ്. ഈ പുസ്തകത്തിൻെറ മുഖവില 135 രൂപയും സീൽ നം.2922 ആണ്.

(1)കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം.0471-2317238
(2)കരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തക ശാല,കോർപ്പറേഷൻ ബിൽഡിംഗ്, കോഴിക്കോട്.0495-2724600
(3)ബുക്ക് മാൾ, ശക്തൻ തമ്പുരാൻ സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

## നാമകരണം

പരിഷ്കാര ഭ്രമം ഏറിയേറി നാമംകൊണ്ട് ഒരാൾ സ്ത്രീയോ പുരുഷനോ എന്നറിയാൻപോലും പ്രയാസമാകുന്നിടത്ത് ഒരു പേരിലെന്തിരിക്കുന്നു എന്ന ചോദ്യം തികച്ചും ന്യായമാണ്. പാരമ്പര്യം,വാശ്വാസം, ആദർശം, സന്ദർഭം, പരിഷ്കാരം എന്നിവ പേരുകളുടെ തിരഞ്ഞെടുപ്പിന് ആസ്പദമായ അടിസ്ഥാന ഘടകങ്ങളാണ്.പരമ്പരാഗതവും ജന്മനക്ഷത്രബദ്ധവുമായ നാമങ്ങളുടെ ഗുണഫലങ്ങളെക്കിറുച്ച് ശക്തി ചൈതന്യങ്ങളെക്കിറിച്ച് നാമിന്നും അജ്ഞരാണ്. ഇരുപത്തേഴ് നക്ഷത്ര ജാതകർക്കും സ്വീകരിക്കാവുന്ന നക്ഷത്ര ബന്ധനാമങ്ങളും നാമകരണത്തിനനുയോജ്യമായ ആദ്യാക്ഷര നിരണയവുമൊക്കെ പ്രതിപാദ്യ വിഷയമാകുന്ന ഒരു കൈ പുസ്തകമാണ് ശ്രീ രാജഗോവാൽ എസ്. പണിക്കർ രചിച്ച നാമകരണം എന്ന ചെറു ഗ്രന്ഥം. നക്ഷത്രങ്ങൾക്കനുയോജ്യമായ സ്ത്രീ-പുരുഷ നാമങ്ങളും അവയുടെ അർത്ഥവുമടങ്ങിയ പട്ടിക അനുബന്ധമായി ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

മാടമ്പ് കുഞ്ഞുകുട്ടൻ അനുയോജ്യമായ അവതാരിക !ഴുതിയിരിക്കുന്ന ഈ കൈപുസ്തകത്തിന് ബി രാകൃഷ്ണ അയ്യർ എഴുതിയ ആശംസ പത്രവും അവതാരികയോടൊപ്പം ചേർത്തിട്ടുണ്ട്.

ഗ്രന്ഥകാരനായ രാജഗോപാൽ എസ് പണിക്കർ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിലെ അംഗമാണെന്നതിൽ ആഗോള കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിൻെറ കൂട്ടായ്മയായ കളരി ഡോട്ട് കോം പ്രവർത്തകർ സമുദായ അംഗങ്ങളോടൊപ്പം അഭിമാനിക്കുന്നു.

ഗ്രന്ഥകാരന് എല്ലാ വിധ ആശംസകളും നേരുന്നതോടൊപ്പം ഇനിയും ക്രിയാത്മകമായ കൃതികൾ രചിക്കുവാൻ അദ്ദേഹത്തിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കളരി ഡോട്ട് കോം

## സാംസാക്രിക ചരിത്ര ഗ്രന്ഥം

ശ്രീ മുകുന്ദൻ കുറുപ്പ് എഴുതി കേരള സർക്കാരിൻെറ സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ***കേരള ചരിത്രം- കളരിയും കലാരൂപങ്ങളും*** എന്ന ഗ്രന്ഥം കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന നാല്പത്തീരടി കളരി ധർമ്മ പരിപാലകരുടെ ആധികാരിക സാംസ്കാരിക ചരിത്ര ഗ്രന്ഥമാണ്.

കളരിക്കുറുപ്പ് കളരിപ്പണിക്കരെ കൂടാതെ ദക്ഷിണ കേരളത്തിൽ ഗണകൻ എന്ന പേരിൽ അറിയപ്പെടുന്ന കണിയാൻ, ഉത്തര കേരളത്തിലെ കണിശൻ, കണിയാന്മാരിലെ കളരികളില്ലാത്ത വടക്കൻ പണിക്കർ, ബല്യയാ എന്നി ജനവിഭാഗങ്ങളുടെ സാംസ്കാരിക ചരിത്ര വിവരണങ്ങളും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന നാല്പത്തീരടി കളരി വിഭാഗം പ്രാചീന ജ്യോതിഷ വിഭാഗമായ കണിയാൻെറ അവാന്തര വിഭാഗമാണെന്ന് അവകാശപ്പെടുന്നവർക്ക് ഈ വിഭാഗങ്ങൾ തമ്മിലുള്ള സാംസ്കാരിക വൈരുദ്ധ്യങ്ങളും വൈവിദ്ധ്യമാർന്ന ജാതിയ ആചാരങ്ങൾ, ആനുഷ്ഠാനങ്ങൾ, ആരാധന ക്രമങ്ങൾ എന്നിവ വളരെ വ്യക്തമായി മനസ്സിലാക്കുവാൻ ഈ ഗ്രന്ഥത്തിലൂടെ കഴിയും.

വിവിധ ജനവിഭാഗങ്ങളുടെ രൂപീകരണം, സാമൂഹിക സ്ഥാനമാനങ്ങൾ, തൊട്ടുടകൂടായ്മ, തീണ്ടിക്കൂടായ്മ, സാംസാകാരിക ചരിത്രം എന്നിവയുടെ അവബോധത്തിൻെറ അഭാവമാണ് പരസ്പര അവകാശവാദങ്ങൾക്കും എതിരഭിപ്രായങ്ങൾക്കും കാരണമാകുന്നത്. ആയതിനാൽ ഈ വിഭാഗങ്ങൾ ഈൗ ഗ്രന്ഥം വായിച്ചിരിക്കണം.

**വായിക്കുക ! അറിയുക!**
**അറിഞ്ഞവ മറ്റുള്ളവർക്കു പകരുക!**

**Published by Kalary.com**
Reporter : Ramachandran Kalarickal, Trichur (09249308894), Proof reading :Smt. Ajitha M.,Gandhinagar
Editors: Shri Anilkumar K.V, Mumbai (09322290222), Shri K.Kamalnathan,Mumbai(09867092926), Shri Ravi Parappurath,Coimbatore(09443595794)
Chief Editor : Mukundan Kurup,Gujarat ( 09601484166), Email(News letter) :- kalarickalk@gmail.com,kurups.kalaries@yahoo.in